# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 68 | 28.06.2016-ൽ മറുപടിയ്ക്ക്

### നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടന്ന അക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ എന്തെല്ലാം അക്രമപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്;<br>(ബി) ഏതെല്ലാം കേസുകളാണ് ഇതുമായി രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) & (ബി) വിവിധ രാഷ്ട്രീയ പാർട്ടികളിലെ പ്രവർത്തകർ തമ്മിൽ പരസ്പരം ദേഹോപദ്രവം ഏൽപ്പിച്ചും, എതിർ പാർട്ടി പ്രവർത്തകരുടെ വീടുകൾ/കടകൾ/ വാഹനങ്ങൾ എന്നിവ ആക്രമിച്ച് നശിപ്പിക്കുക, എതിർ പാർട്ടി പ്രവർത്തകരുടെ ഓഫീസുകൾ, ക്ലബ്ബുകൾ എന്നിവ ആക്രമിച്ച് നശിപ്പിക്കുക, പോലീസ് ഉദ്യോഗസ്ഥരെ ദേഹോപദ്രവം ഏൽപ്പിക്കുക, രാഷ്ട്രീയ എതിരാളികളെ കൊലപ്പെടുത്തുക, തീവെയ്പ്പ് ഉണ്ടാക്കുക എന്നിങ്ങനെയുള്ള അക്രമ പ്രവർത്തനങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയും സാക്ഷികളിൽ നിന്നും മൊഴികൾ രേഖപ്പെടുത്തിയും, ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചില കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുവാനും, മറ്റു കേസുകളിൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| District | cases registered |
|---|---|
| TVPM CITY | 38 |
| TVPM RL | 48 |
| KLM CITY | 57 |
| KLM RL | 17 |
| PTA | 8 |
| ALPZHA | 32 |
| KTYM | 71 |
| IDK | 60 |
| EKM RL | 18 |
| KOCHI CITY | 5 |
| TSR CITY | 12 |
| TSR RURAL | 96 |
| PLKD | 30 |
| MPM | 176 |
| KKD RURAL | 137 |
| KKD CITY | 46 |
| WYND | 10 |
| KNR | 222 |
| KSGD | 170 |
| **Total** | 1253 |

രമേശ് ചെന്നിത്തല